**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4696** **19.05.2017-ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ ക്ഷേമ പദ്ധതികളുടെ നടത്തിപ്പിന് ഊരുകൂട്ടങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ നടപടി**

**ചോദ്യം**

**ശ്രീ.പി.കെ. ശശി**
**ശ്രീ.ബി.സത്യൻ**
**ശ്രീ.ആന്റണി ജോൺ**
**ശ്രീ.സി. കെ. ശശീന്ദ്രൻ**

**മറുപടി**

**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി സർക്കാർ പ്രഖ്യാപിക്കുന്ന പല പദ്ധതികളും ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) | ബാധകമല്ല. |
| സി) | മുൻസർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗക്കാർക്കായുള്ള ഏതെങ്കിലും പദ്ധതികളിൽ അഴിമതിയും ക്രമക്കേടും കണ്ടെത്തിയോയെന്ന് വ്യക്തമാക്കുമോ; | സി) & ഡി) | ജനനീ ജന്മരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് ധനവിനിയോഗത്തിൽ ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് 10.08.2016-ലെ സ.ഉ(കൈ)നം.64/16/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം, പദ്ധതി നടത്തിപ്പ് സമയത്ത് അസിസ്റ്റന്റ് ഡയറക്ടർ (വിദ്യാഭ്യാസം) ചുമതലയുള്ള ഉദ്യോഗസ്ഥനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. ആശിക്കും ഭൂമി ആദിവാസിക്ക് പദ്ധതിയിൽ ക്രമക്കേടുള്ളതായി ആരോപണം |
| ഡി) | ഇത് സംബന്ധിച്ച അന്വേഷണം ഏതു ഘട്ടത്തിലാണെന്നും കുറ്റക്കാരാണെന്ന് കണ്ടെത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | ഉയർന്നതിനെ തുടർന്ന് അന്വേഷിക്കാൻ ഉത്തരവിട്ടുണ്ട്. |
| ഇ) | പ്രസ്തുത വിഭാഗക്കാർക്കായുള്ള വിവിധ പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിന് ഊരുകൂട്ടങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ? | ഇ) | സ്വീകരിക്കുന്നുണ്ട്.<br>ഊരുകൂട്ടങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും, ഊരുകൂട്ടങ്ങളിൽ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഊരുകൂട്ടം ശക്തിപ്പെടുത്തുന്നതിനായി ഊരുകൂട്ട സെമിനാറുകൾ സംഘടിപ്പിക്കുന്നുണ്ട്. ഊരു മൂപ്പൻമാർക്കും, കോളനികളിലെ സാമൂഹ്യ പ്രവർത്തകർക്കും, ജനപ്രതിനിധികൾക്കും ഊരുകൂട്ട സെമിനാറിലൂടെ ബോധവൽക്കരണം നടത്താറുണ്ട്. കൂടാതെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരും, പ്രൊമോട്ടർമാരും ടി വിഷയത്തിൽ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്. ഊരുകൂട്ട യോഗങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന്റെ ചെലവിലേക്ക് അനുവദിച്ചിരുന്ന 500/-രൂപ 19.10.2016-ലെ സ.ഉ(സാധാ)നം.1552/16/ പജപവവിവ പ്രകാരം 2500/-രൂപയാക്കി ഉയർത്തിയിട്ടുണ്ട്.<br>കൂടാതെ, കിർത്താഡ്സിന്റെ നേതൃത്തിൽ ഊരുകൂട്ടം സംഘടിപ്പിക്കുന്നതിനും ഇതിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനും പ്രത്യേക ട്രെയിനിംഗും പ്രൊമോട്ടർമാർക്കും ഊരുമൂപ്പൻമാർക്കും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ